# അത്ഭുതങ്ങൾ ദൈവവചനത്തെ ഉറപ്പിക്കുന്നു

ദൈവം അത്ഭുതം ഉപയോഗിച്ച എല്ലാ സംഭവങ്ങളിലും, അത്ഭുതത്താൽ ആരുടേയും രോഗം സൗഖ്യമാക്കിയില്ല! ദൈവം അത്ഭുതങ്ങൾ അത്തരത്തിലല്ല ഉപയോഗിച്ചത്.

ദൈവവചനം സാക്ഷ്യപ്പെടുത്തിയത് ആർക്കാണോ അവരുടെ ഹൃദയങ്ങളിൽ ദൈവവചനം എത്തിക്കുന്നതിനായിരുന്നു അത്ഭുത ങ്ങൾ നിരന്തരമായി ഉപയോഗിച്ചത്. അത്ഭുതങ്ങൾ ഒരു മനുഷ്യന്റെയും ഹൃദയത്തെ മാറ്റിയില്ല; ദൈവത്തിൽ നിന്നുള്ള സത്യമാണ് ഹൃദയങ്ങളെ മാറ്റിയത്. ബൈബിൾ ചരിത്രത്തിൽ എല്ലായ്പോഴും അത്ഭുതങ്ങൾ നിരന്തരമായി നടത്തിയിരുന്നു എന്ന ധാരണ ബൈബിൾ വിദ്യാർ ത്ഥികളിൽ ഉണ്ടായിട്ടുണ്ട്. നേരെ മറിച്ച്, ദൈവവും മനുഷ്യരുമായ ബന്ധത്തിൽ വളരെ എളുപ്പത്തിൽ നിർവ്വചിക്കാവുന്ന, മൂന്നു വലിയ കാലയളവിലായിരുന്ന അത്ഭുതങ്ങളുടെ പ്രാധാന്യം.

(1) മോശെയുടെ കാലത്തിലും പ്രവൃത്തിയിലും ദൈവം ഉപയോഗിച്ച എല്ലാ അത്ഭുതങ്ങളെയും ഓർക്കുക. യിസ്രായേൽ ദേശത്തെ കണ്ടെത്തുന്നതു മുതൽ, അബ്രഹാമിനോടും അവന്റെ യാത്രയോടും കൂടെയും യോശുവയുടെ നേതൃത്വത്തിൽ കനാൻ കൈവശമാക്കിയപ്പോഴും നടന്നിരുന്നു. ഈ കാലഘട്ടത്തിലും ധാരാളം അത്ഭുതങ്ങൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാഗ്ദത്തദേശം എടുത്ത ശേഷം, അത്ഭുത സംഭവങ്ങൾ നിൽക്കാൻ തുടങ്ങി.

(2) രണ്ടാമത്തെ മഹാത്ഭുതങ്ങൾ സംഭവിച്ചതു വലിയ പ്രവാചക ന്മാരുടെ കാലത്തായിരുന്നു. ഏലിയാവിന്റെയും, ഏലീശയുടേയും, യെശയ്യാവിന്റെയും, ദാനിയേലിന്റെയും, യെഹെസ്ക്കേലിന്റേയും, മറ്റു പ്രവാചകന്മാരുടേയും കാലത്ത്, ദൈവം അസംഖ്യം അത്ഭുതങ്ങളും അടയാളങ്ങളും നടത്തിയിട്ടുണ്ട്. സമയം പുരോഗമിച്ച് പഴയ നിയമത്തിന്റെ അവസാന കാലമായ പ്രവാസഘട്ടമായപ്പോഴേക്കും, വീണ്ടും അത്ഭുതങ്ങൾ കുറയാൻ തുടങ്ങി.

(3) മൂന്നാമത്തെ മനോഹരമായ അത്ഭുതങ്ങളുടേയും, അടയാളങ്ങ ളുടേയും, തരംഗം യേശുവിന്റെയും അപ്പൊസ്തലന്മാരുടേയും ശുശ്രൂഷയോടുകൂടെയാണ്. യേശുവിന്റെ ജീവിതത്തിലും പ്രവൃത്തിയി

ലും, താൻ മശിഹയും, ദൈവപുത്രനുമാണെന്നു തെളിയിക്കുവാൻ സഹായിച്ചു. റോമാ സാമ്രാജ്യത്തിലെങ്ങും സുവിശേഷം എത്തിയ തോടുകൂടെ, പുതിയ നിയമ പുസ്തകങ്ങളെല്ലാം ദൈവശ്വാസിയരാ യവർ എഴുതി പൂർത്തിയാക്കിയതോടെയും, അത്ഭുതങ്ങൾ കുറഞ്ഞു കുറഞ്ഞു വന്നു. വാസ്തവത്തിൽ, പിന്നീട് എഴുതപ്പെട്ട പുതിയ നിയമ പുസ്തകങ്ങളിൽ[1] അത്ഭുത സംഭവങ്ങളോ അല്ലെങ്കിൽ അത്ഭുതങ്ങ ളെയും അടയാളങ്ങളേയും കുറിച്ചുള്ളതേതിലുമല്ല.

സാന്ദർഭികമായ അത്ഭുതങ്ങൾ നടന്നതൊഴിച്ചാൽ ഈ മൂന്നു കാലഘട്ടത്തിലാണ്, "മേഘം പൊട്ടിത്തുറന്ന" ആത്ഭുതങ്ങൾ ഈ മൂന്നു കാലയളവിൽ മാത്രമാണ് സംഭവിച്ചത്. ഈ കാലയളവിൽ ദൈവം തന്റെ വചനത്തെ ലോകത്തോടു അറിയിക്കയായിരുന്നു. അത്ഭുതങ്ങൾ സത്യവെളിപ്പെടുത്തലോടുകൂടെയാണ് അല്ലാതെ യാദൃശ്ചികമായി സംഭവിച്ചതല്ല. ബൈബിൾ പഠനത്തിൽ ആയവർക്കു എത്ര ആഴത്തിൽ പരിശോധിച്ചാലും ആ അടയാളങ്ങൾ വെളിപ്പെടുത്തിയ സത്യത്തെ ഉറപ്പിക്കുന്നതിനു വേണ്ടിയായിരുന്നു എന്നു കാണാൻ കഴിയും. (1) മോശെക്കു ന്യായപ്രമാണം കൊടുത്തു, (2) രക്ഷ മശിഹ മുഖാന്തരം വരുന്നു എന്നു ചൂണ്ടിക്കാണിക്കുന്ന കൂടുതൽ വെളി പ്പാടുകൾ പ്രവാചകന്മാർക്കു നല്കി, കൂടാതെ (3) യേശുവും അപ്പൊ സ്തലന്മാരും അവസാനം പൂർണ്ണമായ വെളിപ്പെടുത്തലായ, യേശു ക്രിസ്തുവിന്റെ സുവിശേഷം നല്കി. ഈ പഠനം യേശുവിന്റെ ശുശ്രൂ ഷയിലും, സഭയുടെ ആരംഭ ഘട്ടത്തിലും നടന്ന അത്ഭുതങ്ങൾ പുതിയ നിയമത്തിൽ രേഖപ്പെടുത്തിയതിലാണ് ശ്രദ്ധിക്കുന്നത്.

## അത്ഭുതങ്ങളുടെ വാഗ്ദാനം

ചെറിയ ഒരു ദേശത്ത് പാലസ്തീനിൽ, മൂന്നര വർഷക്കാലമാണ് യേശു പഠിപ്പിച്ചത്. തന്നോടുകൂടെ ദേശത്തിനു ചുറ്റും സഞ്ചരിക്കു ന്നതിനു പന്ത്രണ്ടു പേരെ അവൻ തിരഞ്ഞെടുത്തു, അവർ അവന്റെ ഉപദേശങ്ങൾ കേൾക്കുകയും ഭാവിയിലെ പ്രവർത്തനത്തിന് പരിശീ ലിപ്പിക്കപ്പെടുകയും ചെയ്തു. അവരെ അനാഥരായി വിടുകയില്ലെന്നും, അവർക്ക് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയക്കുമെന്നും, അവൻ പറഞ്ഞു (യോഹന്നാൻ 14:25, 26). അവൻ പഠിപ്പിച്ചതെല്ലാം ഓർമ്മിക്കുവാൻ ആ വ്യക്തി അവരെ സഹായിക്കും, അവൻ ഭൂമിയിൽ നിന്നു പോയാൽ പരിശുദ്ധാത്മാവു എന്ന കാര്യസ്ഥനാണ് അവർക്ക് വേണ്ട സഹായം നല്കുക. ആ മൂന്നു വർഷക്കാലം അവർ യേശുവിൽ നിന്നു കേട്ടതെല്ലാം കൃത്യമായി ഓർമ്മിക്കുവാൻ സഹായിക്കുകയും ചെയ്യും.

ദൈവത്തിന്റെ ശേഷിച്ച വെളിപ്പെടുത്തലും കാര്യസ്ഥൻ അവർക്കു നല്കും. അപ്പൊസ്തലന്മാർ അറിയേണ്ടതെല്ലാം ആദ്യം യേശു അവരെ പഠിപ്പിച്ചിരുന്നില്ല (യോഹന്നാൻ 16:4), മുഴുവൻ വെളിപ്പാടും അപ്പോൾ അവർക്കു വഹിക്കുവാൻ കഴിയുമായിരുന്നില്ല (യോഹന്നാൻ 16:12). അവൻ "ആലങ്കാരിക ഭാഷ" ഉപയോഗിച്ചിരുന്നു (യോഹന്നാൻ 16:25) ആഴമേറിയ സത്യം അപ്പൊസ്തലന്മാർക്ക് മനസ്സിലാക്കുന്നതിനും അവരെ

പ്രകടിപ്പിക്കുന്നതിനുമായിരുന്നു അത്. പിന്നീട്, ശരിയായ സമയത്ത് ആത്മാവു അവർക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കുക യും അതു ആരംഭശിഷ്യന്മാരെ പഠിപ്പിക്കാൻ സഹായിക്കയും ചെയ്തു.

ഈ വാഗ്ദാനങ്ങളോടുകൂടെ, "വിശ്വസിക്കുന്നവരാൽ" അടയാളങ്ങൾ നടക്കും (മർക്കൊസ് 16:17). ഈ അടയാളങ്ങൾ അവർ സംസാരിച്ച വചനം ദൈവത്തിന്റേതാണെന്ന് അവരുടെ കേൾവിക്കാരെ ബോധ്യമാക്കുവാനും കഴിഞ്ഞു. ഈ അടയാളങ്ങളിൽ ഭൂതങ്ങളെ പുറത്താക്കൽ, അന്യഭാഷയിൽ സംസാരം, സർപ്പങ്ങളാൽ അല്ലെങ്കിൽ മരണകരമായതിനാൽ, ദോഷം ഭവിക്കാതിരിക്കയും (മർക്കൊസ് 16:17, 18).

എങ്ങനെ ഈ അത്ഭുതങ്ങൾ ഉപയോഗിച്ചിരുന്നു എന്ന് മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത് നിരവധി ബൈബിൾ വിദ്യാർത്ഥികൾ മനസ്സിലാക്കിയിട്ടില്ല! ബൈബിളിലെ അത്ഭുതങ്ങൾ ഒന്നും തന്നെ ഇന്നത്തെ ആധുനിക "അത്ഭുതപ്രവർത്തകർ" നടത്തും പോലെ ആയിരുന്നില്ല. മറിച്ച്, മർക്കൊസ് 16:20 പറയുന്നത് ഈ അടയാളങ്ങൾ നിരന്തരമായി ദൈവം വെളിപ്പെടുത്തിയ വചനം ഉറപ്പിക്കുന്നതിനായിരുന്നു.

## അത്ഭുതങ്ങളുടെ ഉദ്ദേശം

### ദൈവ വചനം ഉറപ്പിക്കുവാൻ

അപ്പൊസ്തലന്മാരുടെ പ്രവൃത്തികളോടൊപ്പമായിരുന്നു അടയാളങ്ങൾ എന്നതുകൊണ്ട്, പ്രത്യേകിച്ച് പ്രവർത്തികളുടെ പുസ്തകത്തിൽ നാം കണ്ടതുപോലെ, ദൈവം അത്ഭുതങ്ങൾ ഉപയോഗിച്ചതിനെക്കുറിച്ചു മനസ്സിലാക്കാൻ നാം ശ്രമിക്കണം. ആ വീര്യ പ്രവൃത്തികൾ സദസ്സ്യരെ വിസ്മയിപ്പിക്കുന്നതിനോ, അമിതത്വം പ്രദർശിപ്പിച്ചു ആകർഷിക്കുന്നതിനോ അത്ഭുതങ്ങൾ നടത്തുന്നവരുടെ അഹംഭാവത്തെ താങ്ങി നിർത്തുന്നതിനോ, സാമ്പത്തിക സമ്പൂർണ്ണാധികാരത്തിനു പണം സ്വരൂപിക്കുന്നതിനോ, അല്ലെങ്കിൽ വെറുതെ രോഗികളെ സൗഖ്യമാക്കുന്നതിനു മാത്രമോ ആയിരുന്നില്ല.

ഓരോ സംഭവത്തിലും, അമാനുഷിക ശക്തി പ്രകടനം ദൈവ വചനം വെളിപ്പെടുത്തലോടുകൂടെ ആയിരുന്നു. അതിൽ കാണു ന്നതിനപ്പുറമായ വീര്യ പ്രവർത്തികൾ കാണിക്കേണ്ടി വന്നു, ഇതു അവർ ദൈവത്താൽ ശക്തിപ്പെടുത്തുന്നു എന്ന് തെളിയിച്ചു. അതു കൊണ്ട്, അവരുടെ ഉപദേശങ്ങൾ ദൈവത്തിൽ നിന്നുള്ളതാണെന്നും, തെളിഞ്ഞു.

യേശു ദൈവപുത്രനാണെന്ന് ആളുകൾ വിശ്വസിക്കേണ്ടതിന്നു ആയിരുന്നു അവൻ അത്ഭുതങ്ങൾ നടത്തിയത്. താൻ എഴുതിയ പുസ്തകത്തിന്റെ കാരണവും അതാണെന്നു യോഹന്നാൻ പറയുന്നു: "നിങ്ങൾ വിശ്വസിക്കേണ്ടതിന്ന്" (യോഹന്നാൻ 20:30, 31). അപ്പൊസ് തലൻ നസ്രായനായ യേശു ദൈവപുത്രനാണെന്നു പഠിപ്പിക്കാതെ അത്ഭുതം മാത്രം ചെയ്താൽ കാണുന്നവർക്കു വിശ്വസിക്കാൻ സാധി ക്കയില്ല. സുവിശേഷപ്രസംഗങ്ങളുടെ അകമ്പടിയായ - തെളിവുമായി രുന്നു അത്ഭുതങ്ങൾ.

ഈ പുതിയ സുവിശേഷ വചനം ആദ്യ യേശു സംസാരിക്കയും,

പിന്നീട് അപ്പൊസ്തലന്മാരാൽ ഉറപ്പിക്കയും ചെയ്തു. അവസാനം, ദൈവം ഈ സത്യങ്ങളെ വിവിധ വീര്യ പ്രവൃത്തികളാലും, അടയാള ങ്ങളാലും, അത്ഭുതങ്ങളെ, തന്റെ ഇഷ്ടപ്രകാരം കൃപാ വരങ്ങളാലും ഉറപ്പിക്കയായിരുന്നു. (എബ്രായർ 2:3, 4).

**ഉപദേശങ്ങൾ സമ്മതിക്കുന്നതായി കാണിക്കുവാൻ**

അപ്പൊസ്തലന്മാർ സംസാരിച്ചതു പരസ്പരവിരുദ്ധമായിരുന്നില്ല, അവർക്കു ദൈവം വെളിപ്പെടുത്തിയ സത്യമേ അവർ സംസാരിച്ചിരുന്നുള്ളു. രണ്ട് അപ്പൊസ്തലന്മാർക്ക് അത്ഭുതങ്ങൾ ചെയ്യുവാൻ ശക്തി ഉണ്ടായിരുന്നെങ്കിൽ, അതിനോടുകൂടെ അവരുടെ ഉപദേശവും – ദൈവത്തിൽ നിന്നായിരുന്നു എന്നതു – പൊരുത്തപ്പെടുന്നു. വാസ്തവത്തിൽ, യേശു മുൻപ് വാഗ്ദാനം ചെയ്തതു "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും, അവരുടെ മദ്ധ്യത്തിൽ ഞാൻ ഉണ്ട് എന്നായിരുന്നു" (മത്തായി 18:20). ഈ സന്ദർഭം, കൃത്യമായും ഉപയോഗിച്ചതു കാണിക്കുന്നത്, മുൻപു അപ്പൊസ്തലനായിരുന്ന പത്രൊസിനു വാഗ്ദാനം ചെയ്ത "ദൈവ രാജ്യത്തിന്റെ താക്കോൽ," ഓരോ അപ്പൊസ്തലനും ലഭിച്ചിരുന്നു എന്നാണ് (മത്തായി 16:19). മത്തായി 18:18–ൽ "കെട്ടുവാനും അഴിക്കുവാനും" ഉള്ള അധികാരം ഓരോ അപ്പൊസ്തലനും യേശു നല്കിയതായി സൂചിപ്പിച്ചിരുന്നു. ഈ "കെട്ടുവാനും അഴിക്കുവാനും" അധികാരം അപ്പൊസ്തലന്മാർക്കു ദൈവേഷ്ടം വെളിപ്പെടുത്തുവാനുള്ളതായിരുന്നു, അതു ദൈവം തീരുമാനിച്ചു കഴിഞ്ഞതായിരുന്നു.

അപ്പൊസ്തലന്മാർ ഉപദേശത്തെ സംബന്ധിച്ചു അവരുടേതായ തീരുമാനങ്ങൾ എടുക്കാതെ; സ്വർഗ്ഗത്തിൽ തീരുമാനിച്ചു കഴിഞ്ഞ ഉപദേശങ്ങളെ അവർ ഭൂമിയിൽ അറിയിക്ക മാത്രമാണ് ചെയ്തതും. അവർ അവരുടെ ഉപദേശത്തിലൂടെ ആ വെളിപ്പെടുത്തൽ നടത്തിയപ്പോൾ, അവർ അന്യോന്യം യോജിച്ചിരുന്നു. അവർക്കു മദ്ധ്യേ കർത്താവിന്റെ അത്ഭുതവെളിപ്പെടുത്തൽ ശക്തി ഉണ്ടായിരുന്നു. കർത്താവു ഒരേ സത്യമാണ് എല്ലാവർക്കും നല്കിയത്.

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ... കൂടി വരുന്നത്" എന്ന യേശുവിന്റെ പ്രസ്താവന, ആരാധനക്കു കൂടി വരുന്നതിനെയാണ് സൂചിപ്പിക്കുന്നത് എന്ന ഒരു തെറ്റായ ധാരണ പരന്നിട്ടുണ്ട്. ഈ പ്രസ്താവന അപ്പൊസ്തലന്മാരുടെ കൂടി വരവിനെ (അവരുടെ പ്രവർത്തനങ്ങളെ ആത്മാവിൽ നിയന്ത്രിച്ചു) യേശുവിന്റെ നാമത്തിൽ. (അധികാരത്തിൽ), അവർ യേശുക്രിസ്തുവിന്റെ പുതിയ സുവിശേഷം ഉപദേശിക്കുന്ന പ്രവർത്തനം ചെയ്തുകൊണ്ടിരുന്നു. അവന്റെ അധികാരം അവരിൽ സത്യം, യോജിപ്പിച്ചു നിർത്തുവാൻ സഹായകരമായി.

അവരുടെ ഉപദേശങ്ങളിൽ എന്തെങ്കിലും വൈപരീത്യം സംഭവിച്ചാൽ ചുരുങ്ങിയത് അവരിൽ ഒരാളെങ്കിലും ദൈവത്തിന്റെ വെളിപാട് ലഭിച്ചല്ല സംസാരിച്ചത് എന്നു വരുന്നു. സത്യം അതിൽ വിപരീതം വരുത്തുകയില്ല. ദൈവത്തിന്റെ വചനമാണ് സത്യം (യോഹന്നാൻ 17:17),

സത്യത്തിനു മാത്രമെ ശുദ്ധീകരിപ്പാൻ ശക്തിയുള്ളു. അതുകൊണ്ട്, അപ്പൊസ്തലന്മാർക്കോ പുതിയ നിയമ ലേഖകന്മാർക്കോ വിപരീത പ്രസ്താവന നടത്തിയതായി കാണാൻ കഴിയുകയില്ല.

ഇന്ന് അത്ഭുത - പ്രവർത്തികളുടെ ശക്തി അവകാശപ്പെടുന്ന വരുടെ ഉപദേശങ്ങൾ ഓരോന്നും വൈരുദ്ധ്യം നിറഞ്ഞതാണ്. ഇതിനർ ത്ഥം അവരിൽ ചിലരോ എല്ലാവരുമോ സത്യമല്ല ഉപദേശിക്കുന്നത് എന്നാണ്. അങ്ങനെ തെറ്റ് സംസാരിക്കുന്നവർക്ക്, അത്ഭുത - പ്രവൃ ത്തിക്കായി ദൈവത്തിൽ നിന്നു ശക്തിയും ലഭിക്കുകയില്ല. ദുരുപദേഷ് ടാക്കന്മാർക്കു അത്ഭുതം ചെയ്യുവാനുള്ള ശക്തി ദൈവം നല്കുകയില്ല.

"ആത്മ - നിറവു" അവകാശപ്പെടുന്ന അനേകർ ഇന്ന് ബൈബിളിലെ വ്യക്തമായ ഉപദേശങ്ങൾ പോലും പരസ്പരവിരുദ്ധമായാണ് സംസാരിക്കുന്നത്. അവരുടെ ചില ഉപദേശങ്ങൾ കർത്താവിന്റെ സ്പഷ് ടമായ ഉപദേശത്തെ ലംഘിക്കുന്നവയാണ്. തന്റെ ദൈവിക വചനത്തെ പരസ്പരവിരുദ്ധമായി സംസാരിക്കുവർക്കു അത്ഭുതം നടത്തുവാൻ ദൈവം ശക്തീകരിക്കയില്ല. ഇന്ന് "അത്ഭുതം പ്രവർത്തിക്കുന്നു" എന്നവകാശപ്പെടുന്നവരെ പരീക്ഷിക്കുവാനുള്ള ഒരു വഴി അവരുടെ ഉപദേശം പരിശോധിക്കലാണ്. അവരുടെ ഉപദേശം ബൈബിളിൽ നിന്നല്ലെങ്കിൽ, "പുസ്തകത്തിൽ" ഇല്ലെങ്കിൽ, പിന്നെ അവർ ദൈവശക്തിയാലല്ല അത്ഭുതങ്ങൾ നടത്തുന്നതു എന്നു സ്പഷ്ടം. അതു വളരെ ലളിതമാണ്. ഈ അവകാശപ്പെടുന്നവർ അമാനുഷികമായിട്ടാണ് ചെയ്യുന്നതെങ്കിൽ, അല്ലെങ്കിൽ സ്വാഭാവിക ആശയങ്ങളാൽ അവർക്ക് വിവരിക്കുവാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ അവർ ചെയ്യുന്നത് സാത്താന്റെ ശക്തിയാലാണെന്നു തീർച്ചയാവും (2 തെസ്സലൊനിക്യർ 2:8-10). അത്തരം "അടയാളങ്ങളും അത്ഭുതങ്ങളും" കൊണ്ട് ആളുകളെ വഞ്ചിക്കുവാൻ സാത്താനു മാത്രമെ കഴിയു. ദൈവം തെറ്റിനെ ഉറപ്പിക്കയില്ല. അതു പിശാചിന്റെ പ്രവൃത്തിയാണ്, അവൻ ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനും ആകുന്നു (യോഹന്നാൻ 8:44).

**അവരെ ഉപദേശിപ്പാൻ പ്രാപ്തരാക്കി**

ആരംഭ സഭകളിൽ ഒമ്പതു അത്ഭുതവരങ്ങൾ ഉപയോഗിച്ചിരുന്നു (1 കൊരിന്ത്യർ 12:8-10). അവയിൽ ജ്ഞാനം, പരിജ്ഞാനം, വിശ്വാസം, രോഗശാന്തി, വീര്യ പ്രവൃത്തികൾ, പ്രവചനം, ആത്മാക്കളുടെ വിവേചനം, അന്യഭാഷാ, അന്യഭാഷ വ്യാഖ്യാനം എന്നിവയുൾ പ്പെടുന്നു. ഈ *ഒമ്പതു വരങ്ങളിൽ ആറെണ്ണവും നേരിട്ടു ദൈവവചനം സംസാരിക്കുന്നതുമായി ബന്ധപ്പെട്ടതാണ്,* എന്നതാണ് രസകരം. ആ ബന്ധം ശ്രദ്ധിക്കാതെ പോകരുത്. വിശ്വാസം, രോഗശാന്തി, അത്ഭുത ങ്ങൾ എന്നിവ പരോക്ഷമായി ഉപയോഗിച്ചു, എന്നാൽ മശിഹയുടെ രാജ്യത്തിന്റെ പ്രാരംഭത്തിൽ ദൈവ വചനം അറിയിക്കുവാൻ മറ്റുള്ളവ ആവശ്യമായിരുന്നു.

(1) ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ അറിയപ്പെടുന്ന സത്യങ്ങൾ പ്രയോഗിക്കുന്നതിനുള്ള കഴിവായിരുന്നു "ജ്ഞാനം."

(2) "പരിജ്ഞാനം" ഉപദേശ സത്യവസ്തുതകളെ ഉറപ്പിക്കുവാ നുള്ള

കഴിവാണ്.

(3) ''വിശ്വാസം'' പരിശുദ്ധാത്മാവിനാൽ ലഭിച്ചതും അത്ഭുത പ്രവൃത്തി ചെയ്യുവാനുള്ള കഴിവുമാണ്. ഭൂതബാധിതനായ - ഒരു കുട്ടിയെ സൗഖ്യമാക്കിക്കൊണ്ട് ഇത്തരം വിശ്വാസത്തെ യേശു പറയുകയുണ്ടായി (മത്തായി 17:14-21). അവൻ അതിനെ ശപിച്ചപ്പോഴും പറഞ്ഞു (മത്തായി 21:18-21). ഈ "വിശ്വാസം" അത്ഭുത കൃപയായിരുന്നു, അല്ലാതെ ഒരാൾ ദൈവവചനം കേൾക്കുമ്പോൾ ഉണ്ടാകുന്ന വിശ്വാസമല്ല (റോമർ 10:17).

(4) "രോഗശാന്തി" ഒരാളുടെ ഭൗതിക ശരീരത്തിലെ രോഗാവസ്ഥയിൽ തിരിച്ചും പൂർവ്വസ്ഥിതിയിലേക്കു കൊണ്ടു വരികയാണ്.

(5) "വീര്യപ്രവൃത്തികൾ" എന്നതു മരിച്ചവരെ ഉയിർപ്പിക്കു ന്നതിനെ സൂചിപ്പിക്കുന്നു (പ്രവൃത്തികൾ 9:36-42). അല്ലെങ്കിൽ സത്യം പഠിപ്പിക്കുന്നതിനിടയിൽ തടസ്സം നില്ക്കുന്നവരെ അന്ധമാക്കുവാനുള്ള കഴിവ് (പ്രവൃത്തികൾ 13:8-11).

(6) "പ്രവചനം" ദൈവത്തിൽ നിന്നു സത്യം സ്വീകരിക്കുന്നതിനും "അവന്നു വേണ്ടി" സംസാരിക്കുന്നതിനും, അല്ലെങ്കിൽ "അവന്നു പകരം സംസാരിക്കുന്നതിനും." "പ്രവചനം" ആരംഭ ഗ്രീക്കിൽ സംയുക്തവാക്ക് "വേണ്ടി" എന്നും "സംസാരിക്കുക" എന്നും അർത്ഥമാക്കി, ദൈവത്തിനു "വേണ്ടി സംസാരിക്കുക" എന്നാണ്.

(7) ''ആത്മാക്കളുടെ വിവേചനം'' ആളുകൾ വാസ്തവത്തിൽ ദൈവശ്വാസിയമായിട്ടാണോ സംസാരിക്കുന്നതു എന്നു വേർതിരിച്ചറിയുവാനുള്ള കഴിവായ വരമാണ്. ഒരാൾ സംസാരിക്കുന്നതു ഏത് അധികാരത്തിലാണ് എന്നു വിവേചനക്കാർക്ക് അറിയുവാനുള്ള ശക്തി ഉണ്ടായിരുന്നു - അതായത് അവർ ദൈവാത്മാവിനാലാണോ അതോ അശുദ്ധാത്മാവിനാലാണോ സംസാരിക്കുന്നത് എന്നറിയാമായിരുന്നു. ഇതു പ്രത്യേകിച്ച് ആരംഭ സഭകളിൽ അപ്പൊസ്തലന്മാരുടെ അഭാവത്തിൽ ഉപയോഗപ്രദമായിരുന്നു. കാരണം പുതിയ നിയമം അന്ന് പൂർണ്ണമായി എഴുതപ്പെട്ടിരുന്നില്ല. വചനം എഴുതിതീർന്നിരുന്നെങ്കിൽ അവർക്കു ആരുടെയും ഉപദേശത്തെ പരിശോധിച്ച് ഉറപ്പു വരുത്താമായിരുന്നു, അതുകൊണ്ട് ആത്മാക്കളുടെ വിവേചനം വളരെ ഉപയോഗപ്രദമായിരുന്നു.

(8) "അന്യഭാഷ" സംസാരിക്കുന്നവർക്കു അറിയാത്തതും പഠിക്കാത്തതുമായ നിലവിലുള്ള ഭാഷയിൽ അത്ഭുതകരമായി സംസാരിക്കുവാനുള്ള കഴിവിനെയാണ് ഇതു സൂചിപ്പിക്കുന്നത് സഭയുടെ ആരംഭത്തിൽ അപ്പൊസ്തലന്മാർ ഇതു ചെയ്തിട്ടുണ്ട് (പ്രവൃത്തികൾ 2:4). ഈ ഭാഷകൾ പാലസ്തീനു പുറത്തു ഉപയോഗത്തിലിരുന്നവയായിരുന്നത്, കാരണം കേട്ടവർക്കു അപ്പൊസ്തലന്മാർ തങ്ങളുടെ ''സ്വന്തഭാഷകളിൽ'' സംസാരിക്കുന്നതായിട്ടാണ് മനസ്സിലായത് (പ്ര വൃത്തികൾ 2:8).

(9) "ഭാഷകളുടെ വ്യാഖ്യാനം" അത്തരം സന്ദർഭങ്ങളിൽ കൂടി വന്നവർക്കു മനസ്സിലാക്കുവാൻ ഭാഷാന്തരം ചെയ്യുവാനുള്ള വരമായിരുന്നു. ഒരു പക്ഷെ എഫെസൊസിലെ സഭായോഗത്തിൽ ഒരു കൂട്ടം ആളുകൾക്കു ഗ്രീക്കു മാത്രവും മറ്റൊരു കൂട്ടം ആളുകൾക്കു

എബ്രായഭാഷയും മാത്രമേ അറിഞ്ഞിരുന്നുള്ളു എന്നു വന്നേക്കാം. ഒരു ഉപദേഷ്ടാവ് ഗ്രീക്കിൽ സംസാരിച്ചാൽ, വ്യാഖ്യാനി ആ ഗ്രീക്ക് ഭാഷ എബ്രായ ഭാഷ അറിയാവുന്നവരുടെ പ്രയോജനത്തിനു വ്യാഖ്യാനിച്ചു കൊടുക്കുന്നു.

ഈ വരങ്ങൾ ഒരിക്കലും, പുതിയ നിയമ കാലത്തെ അത്ഭുതങ്ങൾ സൂചിപ്പിക്കുന്നതിനോ, അല്ലെങ്കിൽ ഈ വരങ്ങൾ ലഭിച്ചതുകൊണ്ട് പാപങ്ങൾ ക്ഷമിച്ചു എന്നതിന്റെ സൂചനയോ ആയിരുന്നില്ല. ഈ അത്ഭുത വരങ്ങളെല്ലാം ശരിയായി ഉപയോഗിച്ചാലുള്ള മുഖ്യ ഫലങ്ങൾ വചനം പഠിപ്പിക്കുന്നതിനും അതു ദൈവത്തിൽ നിന്നാണെന്നു ഉറപ്പിക്കുന്നതിനും ആയിരുന്നു.

## അത്ഭുതങ്ങളുടെ ഉദ്ദേശം പ്രവൃത്തികളിൽ ചിത്രീകരിച്ചിരിക്കുന്നു

അപ്പൊസ്തലന്മാരുടെ പ്രവർത്തികളിൽ എങ്ങനെ ഉറപ്പിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നതാണ് പ്രവൃത്തികൾ. അപ്പൊസ്തലന്മാർ പ്രവർത്തിക്കാൻ പോയപ്പോൾ, പരിശുദ്ധാത്മാവ് അവരെ ശക്തീകരിച്ചു. പുതുതായി - ലഭിച്ച വെളിപ്പാട് അവർ പ്രസംഗിച്ചപ്പോൾ, അവർ അത്ഭുതങ്ങളും, അടയാളങ്ങളും, വീര്യപ്രവർത്തികളും ചെയ്തു അവർ സംസാരിച്ചത് കർത്താവായ യേശുക്രിസ്തുവിനു വേണ്ടിയാണെന്നു തെളിയിച്ചു.

പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ തുറന്നതും വ്യക്തവുമായ അത്ഭുതങ്ങൾ നടത്തിക്കൊണ്ട്, ആദ്യമായി സുവിശേഷം അതിന്റെ പൂർണ്ണതയോടെ പ്രസംഗിച്ചു അതു വിശ്വസിച്ചവരോട് മാനസ്സാന്തരപ്പെട്ട് സ്നാനമേല്ക്കുവാൻ ആവശ്യപ്പെട്ടു (പ്രവൃത്തികൾ 2:4-11, 38, 41). ഈ സമയത്ത്, അപ്പൊസ്തലന്മാർ മാത്രം അത്ഭുതം ചെയ്തതായിട്ടാണ് ലൂക്കൊസ് പറഞ്ഞത്, കാരണം ഈ വരങ്ങൾ മറ്റുള്ളവരിൽ പകരുവാൻ ഇതുവരെ ആരുടെമേലും അവർ കൈ വെച്ചില്ല. പത്രൊസ് ഒരു മുടന്തനെ സൗഖ്യമാക്കിയ ശേഷം, ദൈവാലയത്തിൽ ശലോമോന്റെ മണ്ഡപത്തിൽ പ്രസംഗിക്കുവാനുള്ള അവസരം അവനു കിട്ടി (പ്രവൃത്തികൾ 3:7-10; 4:14).

പിന്നീട്, പലരെയും സൗഖ്യമാക്കിയതുകൊണ്ട് വീണ്ടും പ്രസംഗിക്കുവാനുള്ള അവസരം ലഭിക്കുകയും അപ്പൊസ്തലന്മാർക്കു ദൈവത്താൽ - നല്കപ്പെട്ട അധികാരങ്ങൾ അംഗീകരിക്കപ്പെടുകയും ചെയ്തു (പ്രവൃത്തികൾ 5:12-16), ഈ അത്ഭുതങ്ങൾ അനവധി പേരെ സഭയോടു ചേർക്കുവാൻ കാരണമായി (വാക്യം 14). സ്തെഫാനൊസ് ചെയ്ത അത്ഭുതങ്ങൾ അവന്റെ ശക്തമായ ഉപദേശങ്ങളെ ഉറപ്പിച്ചു (പ്രവൃത്തികൾ 6:8), കാരണം അപ്പൊസ്തലന്മാർ അവന്റെ മേൽ കൈവെച്ചു അത്ഭുത - പ്രവൃത്തികൾ ചെയ്യുവാനുള്ള ശക്തി പകർന്നു കൊടുത്തു (വാക്യം 6). "ഫിലിപ്പൊസ് ചെയ്ത അടയാളങ്ങളെ പുരുഷാരങ്ങൾ കേൾക്കയും ചെയ്കയാൽ" അനേകർ പ്രതികരിച്ചു (പ്രവൃത്തികൾ 8:6).

പത്രൊസ് മരിച്ച തബീഥയെ ഉയിർപ്പിച്ചപ്പോൾ, "പലരും കർത്താവിൽ

വിശ്വസിച്ചു'' (പ്രവൃത്തികൾ 9:42). പിന്നീട്, പത്രൊസിനെ കൊർന്നെല്യൊസിന്റെ ഭവനത്തിലേക്കു ക്ഷണിച്ചു. അവൻ ജാതികളുടെ ഭവനത്തിൽ പോകുന്നതിന് രണ്ടു അത്ഭുതങ്ങൾ അവനെ ഉറപ്പിക്കുന്നുണ്ട്. സ്വർഗ്ഗത്തിൽ നിന്നു ഒരു തുപ്പട്ടി ഇറക്കിയ ദർശനം ആയിരുന്നു ഒന്നാമത്തേത് (ഒരു വലിയ, തുപ്പട്ടി - പോലെയുള്ള വസ്തു) അതിൽ എല്ലാത്തരം മൃഗങ്ങളെയും കാണിച്ചു പത്രൊസിനോടു അറുത്തു തിന്നുവാൻ കല്പിച്ചു (പ്രവൃത്തികൾ 10:9–16). രണ്ടാമത്തേത് ജാതികളായ ഭൃത്യന്മാരോടുകൂടെ പോകുവാൻ പരിശുദ്ധാത്മാവു അവനോടു പറയുന്നതായിരുന്നു (പ്രവൃത്തികൾ 10:17–20). ഈ രണ്ടു അത്ഭുതങ്ങളും അസാധാരണമായതായിരുന്നു, തന്റെ അപ്പൊസ്തല ന്മാർക്കു ദൈവഹിതം വെളിപ്പെടുത്തുന്നതായിരുന്നു അവ. സാധാരണ, യേശുവിൽ വിശ്വാസം - ഇല്ലാത്ത പഠിപ്പില്ലാത്ത ആളുകളിൽ ദൈവ വചനം ഉറപ്പിക്കുന്നതിനായിരുന്നു അത്ഭുതങ്ങൾ നടത്തിയത്.

ഈ സന്ദർഭത്തിൽ മറ്റൊരു അസാധാരണ അത്ഭുതമാണ് നടന്നത്; വാസ്തവത്തിൽ, അത് ഒരിക്കൽ - മാത്രം നടന്ന സംഭവമായിരുന്നു. കൊർന്നെല്യൊസിനും അവന്റെ ഭവനത്തിലുള്ളവർക്കും പരിശുദ്ധാത്മാവിനെ അയച്ചു കൊണ്ട് പത്രൊസിനും അവനെ അനുഗമിച്ച ആറു പുരുഷന്മാർക്കും തന്റെ ഹിതം ദൈവം ഉറപ്പിച്ചുകൊടുത്തു. ആത്മാവിനാൽ ശക്തീകരിക്കപ്പെട്ട്, അവർ "അന്യഭാഷയിൽ സംസാരിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും" തുടങ്ങി (പ്രവൃത്തി കൾ 10:44–46). ഈ സംഭവം അവർ ക്രിസ്ത്യാനികളായി തീരുന്നതിനു മുൻപായിരുന്നു! അതു അവിശ്വാസികളെ അതിശയിപ്പിച്ചു - ക്രിസ്ത്യാനികൾ ആയിത്തീരാത്തവരും യേശു ദൈവപുത്രനാണെന്ന് അറിയാത്തവരും - ദൈവത്താൽ ഉപയോഗിക്കപ്പെട്ടു; പക്ഷെ ഈ അവസരത്തിൽ അതാവശ്യമായിരുന്നു. പത്രൊസടക്കം, വർഗ്ഗീയ - ദുരഭിമാനമുള്ള യെഹൂദന്മാരെ ജാതികളോടു പ്രസംഗിക്കുന്നതും, അവരെ ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെടുത്തുന്നതും, ക്രിസ്തുവിൽ സഹോദരന്മാരായി അവരോടു കൂട്ടായ്മ ആചരിക്കുന്നതിനും അവരെ ബോധ്യപ്പെടുത്തേണ്ടതായിരുന്നു. അതു കൊണ്ട്, ദൈവം, "വചനം ഉറപ്പിക്കുവാൻ" മറ്റൊരു അത്ഭുതം ഉപ യോഗിച്ചു, ഈ സമയത്തു തന്റെ സ്വന്ത അപ്പൊസ്തലന്മാരെയും അവിശ്വാസികളെയും ആയിരുന്നു വചനം ഉറപ്പിച്ചു കൊടുത്തത്.

പൗലൊസ്, തന്റെ ആദ്യ മിഷണറി യാത്രയുടെ ആരംഭത്തിൽ, ഏലീമാസിനെ കുരുടനാക്കി കാരണം അവൻ സത്യം പ്രസംഗിക്കുന്ന തിനു തടസ്സമായി നിന്നു. പ്രവൃത്തികൾ 13:12 പറയുന്നു "ഈ ഉണ്ടായതു ദേശാധിപതി കണ്ടിട്ടു, കർത്താവിന്റെ ഉപദേശത്തിൽ വിസ്മയിച്ചു വിശ്വസിച്ചു." വീണ്ടും, ദൈവത്തിൽ നിന്നാണ് ഈ ഉപദേശം എന്ന് ഉറപ്പിച്ചു.

പൗലൊസ് വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞുവന്ന ഫിലിപ്പിയയിലെ ഒരു ബാല്യക്കാരിയിൽ നിന്നു അവളിലുണ്ടായിരുന്ന ഭൂതത്തെ പുറത്താക്കിയതു കാരണം ആ പട്ടണത്തിൽ വലിയ കോലാഹലം ഉണ്ടായി. അന്യായമായി പൗലൊസിനേയും

ശീലാസിനേയും അവളുടെ യജമാനന്മാർ തങ്ങളുടെ ലാഭം പോയതു കൊണ്ട് പിടിച്ചു തടവിലാക്കി. അവരെ തടവിലാക്കിയതുകൊണ്ട്, പൗലൊസിനും ശീലാസിനും പിന്നീട് കാരാഗൃഹ പ്രമാണിയോടും അവന്റെ ഭവനക്കാരോടും സുവിശേഷം അറിയിക്കാൻ അവസരം ലഭിച്ചു (പ്രവൃത്തികൾ 16:16–34). ഒരു അത്ഭുത ഭൂമികുലുക്കം ഉണ്ടായി, തടവു മുറികളുടെ വാതിലുകൾ തുറന്നു; തുടർന്നുണ്ടായ അസാധാരണ സംഭവങ്ങൾ കാരാഗൃഹ പ്രമാണിക്ക് പൗലൊസിനെയും ശീലാസിനേയും കേൾക്കേണ്ടതാണെന്നു ബോധ്യപ്പെട്ടു.

താൻ ചെയ്ത അത്ഭുതം നിമിത്തം പൗലൊസിന് അവന്റെ മൂന്നാമത്തെ മിഷണറിയാത്രയിൽ, അവിടെ ഉള്ള ആളുകളോട് ഉപദേശിക്കാൻ അവസരങ്ങൾ ലഭിച്ചു. പിശാചിന്റെ നിയന്ത്രണത്തിൽ അശുദ്ധാത്മാവു പ്രവർത്തിച്ചിരുന്നെങ്കിലും അസംഖ്യം പേർ പ്രതികരിക്കയുണ്ടായി (പ്രവൃത്തികൾ 19:11–20). പൗലൊസിൽ കൂടെ ദൈവം ചെയ്ത അത്ഭുതങ്ങൾ നിമിത്തം വചനം വിജയകരമായി വ്യാപിച്ചു (വാക്യം 20) അതായത്, വചനത്തിന്റെ *സ്വാധീനം* ആളുകളിൽ വർദ്ധിക്കയുണ്ടായി. എഫെസ്യർ പൗലൊസ് പഠിപ്പിച്ച സത്യത്തോട് പ്രതികരിക്കാൻ തയ്യാറായി. ഈ അത്ഭുതങ്ങളാൽ അവർക്ക് വചനത്തെ ഉറപ്പിച്ചു പോന്നു. പിന്നെ, അത്ഭുതങ്ങൾ പ്രയാസങ്ങളിൽ സത്യ വെളിപ്പാടിനോടുകൂടെ മാത്രം എന്ന്, നാം കണ്ടു.

ഈ അത്ഭുതങ്ങൾ വാസ്തവത്തിൽ അത്ഭുതങ്ങൾ ആയിരുന്നോ എന്ന് ആരും ചോദ്യം ചെയ്തിരുന്നില്ല, കാരണം അവയുടെ ഫലങ്ങൾ വളരെ വ്യക്തമായിരുന്നു. അപ്പൊസ്തലന്മാരും മറ്റും ദൈവത്താൽ സ്വാധീനിക്കപ്പെട്ടവരും, അതുകൊണ്ട്, അവരുടെ വാക്കുകൾ ദൈവത്തിൽ നിന്നുമാണെന്നും അവ തെളിയിച്ചു. അത്ഭുതങ്ങൾ വചനത്തെ ഉറപ്പിക്കുകയും ഉപദേഷ്ടാക്കന്മാരുടെ സത്യവാദത്വം തെളിയിക്കുകയും ചെയ്തു. ഒരിക്കൽ പോലും പാപമോചനത്തിനായി അത്ഭുതങ്ങൾ ഉപയോഗിച്ചിട്ടില്ല. ഒരാൾ വീണ്ടും ജനിക്കുന്നതിനു വേണ്ടി ഒരിക്കൽ പോലും അത്ഭുതം ചെയ്തിട്ടില്ല. ഒരിക്കൽ പോലും അത്ഭുതം ചെയ്ത് ആരെയും ക്രിസ്ത്യാനിയാക്കിയിട്ടുമില്ല.

മുൻപു പറഞ്ഞ ഒമ്പതു അത്ഭുത വരങ്ങൾ ഓരോ അപ്പൊസ്തലനും ഉണ്ടായിരുന്നു, അവർക്കു ഈ ഓരോ അത്ഭുതവും ചെയ്യാനും കഴിഞ്ഞിരുന്നു.[2] കൂടാതെ, അപ്പൊസ്തലന്മാർക്കു മറ്റുള്ളവരിൽ കൈവെച്ചു ഈ അത്ഭുത - പ്രവർത്തികൾക്കുള്ള കഴിവ് പകർന്നു കൊടുക്കുവാനും കഴിഞ്ഞിരുന്നു (പ്രവൃത്തികൾ 8:14–17). മറ്റാർക്കും ഈ വരങ്ങൾ പകർന്നു കൊടുക്കുവാൻ കഴിഞ്ഞിരുന്നില്ല. ഉദാഹരണമായി, യെരുശലേമിലെ അപ്പൊസ്തലന്മാർ ശമര്യയിൽ ഫിലിപ്പൊസ് അവിടെ ഉണ്ടായിരുന്നെങ്കിലും, ഈ വരങ്ങൾ നല്കേണ്ടതിന്നു പത്രൊസിനേയും യോഹന്നാനെയും അയച്ചു. ഫിലിപ്പൊസിനു അത്ഭുതങ്ങൾ ചെയ്യുവാൻ കഴിവുണ്ടായിരുന്നു, എന്നാൽ അവൻ അപ്പൊസ്തലനായിരുന്നില്ല; അതുകൊണ്ട്, മറ്റുള്ള വരിലേക്ക് വരങ്ങൾ പകർന്നുകൊടുക്കുവാൻ അവന്നു കഴിഞ്ഞില്ല. ഒരു പുതിയ പരിവർത്തകനായിരുന്ന, ശിമോൻ, അപ്പൊസ്തലന്മാർക്ക് വരങ്ങൾ പകർന്നു കൊടുക്കുവാനുള്ള

കഴിവുകണ്ടപ്പോൾ, ആ അത്ഭുത കഴിവ് പണം കൊടുത്തു വാങ്ങുവാൻ ആഗ്രഹിച്ചു. അത്തരം ദൈവത്തിന്റെ പ്രവൃത്തികളിൽ അവന്നു ഒരു പങ്കുമില്ല എന്നു പത്രൊസ് അവനോടു പറഞ്ഞു (അവൻ അപ്പൊസ്തലൻ ആയിരുന്നില്ല) ആ ദുഷിച്ച അത്യാഗ്രഹപ്രവണത വിട്ടു മാനസ്സാന്തരപ്പെടുവാനും അവനോടു പറഞ്ഞു (പ്രവൃത്തികൾ 8:18–24).

ദൈവത്തിന്റെ പൂർണ്ണമായ വെളിപ്പാടിൽ പദ്ധതി തെളിയിക്കുന്നതിനും ആരംഭ ഇടവകകളുടെ സംരക്ഷണത്തിനും ആയിരുന്നു ഒമ്പതു വരങ്ങൾ. ഏതെങ്കിലും അപ്പൊസ്തലന്റെ അഭാവത്തിൽ, വിശേഷിച്ച് കൊരിന്ത്യ സഭയിൽ പൗലൊസ് യാത്രയിലായിരുക്കു മ്പോൾ, സഭയെ ദുരുപദേഷ്ടാക്കളിൽ നിന്നു സംരക്ഷിക്കുന്നതിനും സുവിശേഷം തുടർന്നും ഉപദേശിക്കേണ്ടതിന്നും ഇടവകയിൽ ദൈവ ശ്വാസിയ വരങ്ങൾ ഉള്ള ആളുകളെ വിട്ടേച്ചു പോകേണ്ടതു ആവ ശ്യമായിരുന്നു. അവർക്കു പുതിയ നിയമം മുഴുവനും ലഭിച്ചിരുന്നില്ല.

ഇന്നു സഭയെ സംരക്ഷിക്കുന്നതിനും ആത്മീയവർദ്ധന വരുത്തേണ്ടതും എഴുതപ്പെട്ട വചനം ഉപയോഗിച്ചായിരിക്കണം. അതു പൂർണ്ണവും ആവശ്യമുള്ളതെല്ലാം അടങ്ങുന്നതുമാണ്. “വിശുദ്ധന്മാർ ക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസമാണ്” അത് (യൂദ 3). പൗലൊസിന്റെ കാലത്ത് എഴുതപ്പെട്ട വചനം ലഭ്യമല്ലായിരുന്നതു കൊണ്ട്, ഈ ആരംഭ ഇടവകകളെ സംരക്ഷിക്കുവാനും ആത്മിയമായി പ്രബോധിക്കുവാനും ആത്മാവിന്റെ വരങ്ങൾ പിന്തുടർന്നിരുന്നു. സ്പഷ്ടമായി, ഒരു അപ്പൊസ്തലൻ ഇടവക വിട്ടു പോകുമ്പോൾ ഈ ഒമ്പതു വരങ്ങൾ ഉള്ളവരെ ഒരുമിച്ച് ആക്കിയിട്ടാണ് പോകുന്നത്. വരങ്ങൾ അംഗങ്ങളിൽ വിതരണം ചെയ്തിരുന്നു (1 കൊരിന്ത്യർ 12:7, 11). അപ്പൊസ്തലന്മാർക്ക് ഒഴിച്ച് ആർക്കും ഒമ്പതു വരങ്ങളും ലഭിച്ചിരു ന്നില്ല, എല്ലാ ക്രിസ്ത്യാനികൾക്കും അത്ഭുത വരങ്ങൾ ലഭിച്ചിരുന്നുമില്ല (1 കൊരിന്ത്യർ 12:29, 30). എങ്ങനെയായാലും, ഒമ്പതു വരങ്ങൾ എല്ലാം, ഓരോ സഭയ്ക്കുള്ളിലും തീർച്ചയായും ഉണ്ടായിരുന്നു.

**അത്ഭുതങ്ങളുടെ ഉദ്ദേശം നിറവേറ്റി**

ദൈവത്തിന്റെ വെളിപ്പാട് ഒരിക്കൽ ഉറപ്പിച്ചു കഴിഞ്ഞാൽ, വീണ്ടും അതു ഉറപ്പിക്കേണ്ട ആവശ്യമില്ല. ദൈവത്തിൽ നിന്നുള്ള അടയാളങ്ങൾ അവയുടെ പ്രവൃത്തി ചെയ്തു അപ്പൊസ്തലന്മാരുടെ വചനം ഉറപ്പിക്കയും ചെയ്തു (മർക്കൊസ് 16:20). ഉപദേശം വാക്കുകളായിട്ടോ എഴുത്തുകളായിട്ടോ എന്നതു വ്യത്യാസം വരുത്തിയില്ല; അതു എല്ലാം ഒന്നുതന്നെ സത്യമായിരുന്നു എന്നു ഉറപ്പിക്കയും ചെയ്തിരുന്നു.

സഭയ്ക്കു കൂടുതൽ അത്ഭുതങ്ങളുടെ ആവശ്യം ഇല്ല. അടയാളങ്ങളുടെ പറഞ്ഞ ഉദ്ദേശം നിറവേറ്റി: വചനം ഉറപ്പിച്ചു. ഈ ഉറപ്പ് അത്ഭുത പ്രവൃത്തികളുടെ കഴിവിനെ സഹായിച്ചു കൊണ്ടായിരുന്നു. ഇന്നു അന്യഭാഷയിൽ സംസാരിക്കുവാൻ കഴിയുമെന്നും അത്ഭുതരോഗ ശാന്തി നടത്താൻ കഴിയുമെന്നും അവകാശപ്പെടുന്നവർ യേശുവിന്റെ കാലത്തെ യെഹൂദന്മാരെ പോലെയാണ്. ആ യെഹൂദന്മാർ ന്യായപ്രമാണത്തോടു പറ്റിച്ചേർന്നു, പക്ഷെ അതു

കാലോചിതമായിരുന്നു (എബ്രായർ 8:13) കാരണം അതിന്റെ ഉദ്ദേശം നിറവേറ്റി (ലൂക്കൊസ് 24:44, 45). അതുപോലെ, ആധുനിക അത്ഭുതാവകാശികൾ മറ്റൊരു സമയത്തുണ്ടായിരുന്നതും അതിന്റെ ഉദ്ദേശം നിറവേറ്റിയതുമായവയെ പറ്റിപ്പിടിച്ചിരിക്കയാണ്. ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായി വരുമ്പോൾ അത്ഭുത - പ്രവൃത്തികൾ നിന്നു പോകും എന്ന് അപ്പൊസ്തലനായ പൗലൊസ് 1 കൊരിന്ത്യർ 13:8-10-ൽ മുന്നറിയിച്ചിട്ടുണ്ട്.

അപ്പൊസ്തലന്മാർക്കു മാത്രമേ അത്ഭുതവരങ്ങൾ പകർന്നു കൊടുക്കുവാൻ കഴിഞ്ഞിരുന്നുള്ളു, ഇന്നു ഒരു അപ്പൊസ്തലനും ജീവിച്ചിരിപ്പില്ല. രണ്ടു സന്ദർഭങ്ങളിൽ ഈ വരങ്ങൾ ദൈവത്തിൽ നിന്നാണ് വന്നത് അല്ലാതെ അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ ആയിരുന്നില്ല, പ്രവൃത്തികൾ 2 ലേതും 10 ലേതും. "അതേ ദാനം" ആയിരുന്നു എന്നു പത്രൊസ് സൂചിപ്പിക്കുന്നത് (പ്രവൃത്തികൾ 11:17); ഈ രണ്ട് സംഭവങ്ങളും നടന്നതു പരുശുദ്ധാത്മ സ്നാന സമയത്തായിരുന്നു (മത്തായി 3:11; പ്രവൃത്തികൾ 11:15-17). അത്തരം സ്നാനം ആ സാഹചര്യത്തിൽ ആരെയും പാപങ്ങളിൽ നിന്നു മോചിപ്പിച്ചിരുന്നില്ല, അതു ആരെയും ക്രിസ്ത്യാനികൾ ആക്കിയതുമില്ല. പരിശുദ്ധാത്മ സ്നാനത്തിന്റെ ഉദ്ദേശം തന്നെ വേറെ ആയിരുന്നു: അതു കർത്താവിന്റെ ഹിതം നിറവേറ്റുന്നതിനു അപ്പൊസ്തലന്മാരെ ശക്തീകരിച്ചു അവരുടെ പ്രവൃത്തി ചെയ്യുന്നതിനു, യെഹൂദ ക്രിസ്ത്യാനികൾ ജാതികളിൽ നിന്നു ക്രിസ്ത്യാനികളാകുന്ന വരെ ക്രിസ്തുവിൽ തുല്യ സഹോദരങ്ങളായി സമീകരിക്കുവാനുള്ള തെളിവായിട്ടുമായിരുന്നു. രണ്ടു സമയത്തും, സ്നാനം ചരിത്രം കുറിക്കുന്ന ഫലമുളവാക്കുന്നതിന്നായിരുന്നു.

ഇന്ന് എന്തുകൊണ്ട് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നില്ല എന്നതിനു മൂന്നു കാരണങ്ങൾ നമുക്കു ചുരുക്കി പറയാം: (1) അത്ഭുതങ്ങളുടെ ഉദ്ദേശം നിറവേറ്റുകയും തീരുകയും ചെയ്തു. (2) പൗലൊസ്, ദൈവശ്വാസിയമായി മുന്നറിയിച്ചതുപോലെ, ക്രിസ്തുവിന്റെ സുവിശേഷം പൂർണ്ണമായി വെളിപ്പെടുത്തുന്നതോടെ, അത്ഭുതങ്ങൾ നിന്നുപോകും (3) അപ്പൊസ്തലന്മാർ എല്ലാവരും മരിച്ചതു കൊണ്ട്, ഈ ഒമ്പതു വരങ്ങളും ലഭിച്ച രീതി ഒരിക്കലും കിട്ടാനിടയില്ല.

### ഉപസംഹാരം

പാപത്തിന്റെ അടിമത്വത്തിൽ നിന്നു പാപികളെ സ്വതന്ത്രമാക്കു ന്നതു ദൈവ വചനം മാത്രമാണ് (യോഹന്നാൻ 8:31, 32). ആളുകളെ എങ്ങനെ സത്യം പഠിപ്പിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നതു പ്രവൃത്തികളുടെ പുസ്തകം മാത്രമാണ്, അവർ ചെയ്ത അത്ഭുതങ്ങ ളാൽ ആളുകൾക്ക് എങ്ങനെ സത്യം വിശ്വസനീയമായിത്തീർന്നു എന്നും, ആ സത്യത്തോടു അനുസരണത്താൽ പ്രതികരിച്ചു ദൈവ കൃപയിലേക്കു എങ്ങനെ പ്രവേശിക്കാമെന്നും കാണിച്ചിരിക്കുന്നു.

കുറിപ്പുകൾ

[1]പിന്നീടുള്ള ലേഖനങ്ങളിൽ 1 ഉം, 2 ഉം തിമൊഥെയൊസ്; തിത്തൊസ്; എബ്രായർ; 1 ഉം, 2 പത്രൊസ്; 1 ഉം, 2 ഉം, 3 യോഹന്നാൻ; യൂദ; വെളിപ്പാട് എന്നിവയും ഉൾപ്പെടുന്നു. [2]ഓരോ അപ്പൊസ്തലനും ഒമ്പതു വരങ്ങളും ഉണ്ടായിരുന്നു എന്നതു അന്തർലീനമത്രെ. ഒന്നിലധികം കഴിവുകൾ ഉള്ളതായി പൗലൊസ് പറയുന്നുണ്ട്, "യഥാർത്ഥ അപ്പൊസ്തലന്റെ അടയാളങ്ങൾ" എന്നതു, മറ്റു അപ്പൊസ്തലന്മാർക്കു ണ്ടായിരുന്നതു പോലെ അവനും ഉണ്ടായിരുന്നു എന്നു വ്യക്തം (2 കൊരിന്ത്യർ 12:11, 12). കൊരിന്തിൽ ഈ ഒമ്പതു വരങ്ങളും ഉണ്ടായിരുന്നതുകൊണ്ട് (1 കൊരി ന്ത്യർ 12:7–11), അപ്പൊസ്തലനായ പൗലൊസ് മാത്രമേ കൊരിന്തിൽ ഉണ്ടായിരുന്നു ള്ളു എന്നതു കൊണ്ട്, സഭയിലുള്ള അംഗങ്ങൾക്കു പൗലൊസ് മുഖാന്തരം ആയിരിക്കണം അവ കിട്ടിയത്.

© 2009 Truth for Today